"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് – വികേന്ദ്രീകാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി – കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗ്രാമപഞ്ചായത്തിന് ബോട്ട് സർവീസ് മുടക്കം കൂടാതെ നടത്തുന്നതിന് തനത് ഫണ്ട് ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ)നം.137/2022/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 19/01/2022

പരാമർശം 1. മാട്ടൂൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.10.2021 ലെ നിവേദനം.

2. വികേന്ദ്രീകാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 18/12/2021 ലെ 4.34-ാം നമ്പർ തീരുമാനം

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ നാലാം വാർഡ് തെക്കുമ്പാട് ദ്വീപ് പ്രദേശമാണെന്നും തെക്കുംമ്പാടിനെയും മാട്ടൂൽ പ്രദേശത്തേയും ബന്ധിപ്പിക്കുന്ന ഏക മാർഗ്ഗമായ ബോട്ട് സർവ്വീസ് ആയത് ലേലം എടുത്ത ആൾ ലാഭകരമല്ലാത്തതിനാൽ സർവ്വീസ് നിർത്തി വച്ചിരിക്കുകയാണെന്നും ബോട്ട് സർവ്വീസ് സർക്കാർ ഏറ്റെടുത്തു നടത്തുന്നതു പരിഗണിക്കുകയോ അല്ലായെങ്കിൽ ഗ്രാമപഞ്ചായത്ത് തനതുഫണ്ടുപയോഗിച്ച ബോട്ടു സർവ്വീസ് നടത്താൻ അനുമതി നൽകുന്നത് പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം നിവേദനം ലഭിച്ചിരുന്നു.

(2) 18.12.2021 ൽ വികേന്ദ്രീകാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം ചർച്ച ചെയ്തിരുന്നു. പൊതുജനങ്ങളുടെ സൗകര്യം പരിഗണിച്ച് ബോട്ട് സർവ്വീസ് മുടക്കം കൂടാതെ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിക്കുകയും ഇതിനായി തനത് ഫണ്ടുപയോഗിക്കാൻ പരാമർശം (2) പ്രകാരം അനുമതി നൽകുകയും ഭാവിയിൽ മുൻകാലങ്ങളിലെ പോലെ തന്നെ ലേലത്തിലൂടെ (കുറഞ്ഞ തുകയ്ക്കാണെങ്കിൽ പോലും) ബോട്ട് സർവ്വീസ് നടത്തുന്നതിന്റെ സാധ്യത തേടേണ്ടതാണെന്നും നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ലെ വികേന്ദ്രീകാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗ്രാമപഞ്ചായത്തിന് ബോട്ട് സർവ്വീസ് മുടക്കം കൂടാതെ നടത്തുന്നതിന് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഭാവിയിൽ കുറഞ്ഞ തുകയ്ക്കാണെങ്കിൽ പോലും മുൻകാലങ്ങളിലെ പോലെ തന്നെ ലേലത്തിലൂടെ ബോട്ട് സർവ്വീസ് നടത്തുന്നതിന്റെ സാധ്യത ഗ്രാമപഞ്ചായത്ത് പരിശോധിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

1. സെക്രട്ടറി, മാട്ടൂൽ ഗ്രാമപഞ്ചായത്ത്, കണ്ണൂർ.
2. പ്രസിഡന്റ്, മാട്ടൂൽ ഗ്രാമപഞ്ചായത്ത്, കണ്ണൂർ.
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്- I / ഓഡിറ്റ്-II ), കേരള, തിരുവനന്തപുരം.
5. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
7. ഐ.& പി ആർ വെബ് ന്യൂ മീഡിയ
8. തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്
9. തദ്ദേശ സ്വയംഭരണ (എ.ബി/എഫ്.എം) വകുപ്പ്
10. കരുതൽ ശേഖരം / ഓഫീസ് പകർപ്പ് (ആർസി3/426/2021/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ